No. CEE/3600/KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം
## (കീം–2021)

**കേരള എഞ്ചിനീയറിംഗ്/ഫാർമസി/ ആർക്കിടെക്ചർ /മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – ഓൺലൈൻ അപേക്ഷയിലെ ഫോട്ടോ, ഒപ്പ്, പേര് തുടങ്ങിയവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസരം**

2021–22 വർഷത്തെ കേരള എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ /മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷയോടൊപ്പം നൽകിയ ഫോട്ടോ, ഒപ്പ്, പേര് തുടങ്ങിയവ പരിശോധിക്കുന്നതിനും ന്യൂനതകൾ ഉളള പക്ഷം അവ പരിഹരിക്കുന്നതിനും അപേക്ഷാ ഫീസ് കുടിശ്ശിക ഉണ്ടെങ്കിൽ ആയത് ഒടുക്കുന്നതിനുമുള്ള അവസരം 13.07.2021 ഉച്ചയ്ക്ക് 2 മണി മുതൽ 17.07.2021 ഉച്ചയ്ക്ക് 2 മണിവരെ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. **പ്രവേശന പരീക്ഷാ കമ്മീഷണറുടെ** **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM 2021 - Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. പ്രൊഫൈൽ പേജിൽ അപേക്ഷകരുടെ ഫോട്ടോ, ഒപ്പ്, പേര്, തെരഞ്ഞെടുത്ത കോഴ്സുകൾ തുടങ്ങിയ വിവരങ്ങൾ ദൃശ്യമാകുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ സൂക്ഷ്മ പരിശോധനയിൽ ഫോട്ടോ, ഒപ്പ്, പേര് എന്നിവയിൽ കണ്ടെത്തിയ ന്യൂനതകൾ പ്രൊഫൈൽ പേജിൽ **'Memo Details'** എന്ന മെനു വഴി അപേക്ഷകർക്ക് അറിയാവുന്നതാണ്. ഫോട്ടോ, ഒപ്പ്, പേര് എന്നിവയിൽ ന്യൂനതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി അവസാന തീയതിക്ക് മുമ്പ് ഓൺലൈനായി ശരിയായ രേഖകൾ/ ഇമേജസ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷാഫീസ് കുടിശ്ശിക ഉണ്ടെങ്കിലും ഈ മെനു ക്ലിക്ക് ചെയ്ത് ഓൺലൈനായി ഫീസ് അടയ്ക്കാവുന്നതാണ്. മേൽപറഞ്ഞ ന്യൂനതകൾ ഇല്ലാത്ത അപേക്ഷാർത്ഥികൾക്ക് **'Memo Details'** എന്ന മെനു ഐറ്റം പ്രൊഫൈൽ പേജിൽ ലഭ്യമാകുന്നതല്ല. പ്രൊഫൈലിൽ കാണിച്ചിരിക്കുന്ന പേരിൽ വ്യത്യാസം ഉണ്ടായിരിക്കുകയും എന്നാൽ തിരുത്തുന്നതിനായി പ്രൊഫൈൽ പേജിൽ മെമ്മോ ലഭ്യമല്ലാതിരിക്കുകയും ആണെങ്കിൽ, അത്തരം അപേക്ഷകർ പേര് തിരുത്തുന്നതിനായി **'Name correction'** എന്ന സബ്ജറ്റ് നൽകി **ceekinfo.cee@kerala.gov.in** എന്ന ഇമെയിലിൽ അവസാന തീയതിയ്ക്കുള്ളിൽ പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്. സംവരണാനുകൂല്യത്തിലേത് ഉൾപ്പെടെയുള്ള അപേക്ഷയിലെ മറ്റ് ന്യൂനതകൾ പരിഹരിക്കുന്നതിനായി പിന്നീട് അവസരം നൽകുന്നതും പ്രസ്തുത വിവരം വിജ്ഞാപനത്തിലൂടെ അറിയിക്കുന്നതുമാണ്.

17.07.2021 ഉച്ചയ്ക്ക് 2 മണിക്ക് മേൽ വിവരിച്ചിരിക്കുന്ന സൗകര്യം അവസാനിക്കുന്നതാണ്. എല്ലാ അപേക്ഷകരും പ്രൊഫൈൽ പേജിലെ വിവരങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് ന്യൂനതകൾ ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 2525300**

തിരുവനന്തപുരം
12.07.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**